"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുഭരണ വകുപ്പ് - ജീവനക്കാര്യം - കേരള പബ്ലിക് സർവ്വീസ് കമ്മീഷനിൽ അംഗങ്ങളായിരുന്ന ശ്രീമതി പി. ജമീല, ഡോ. ഗ്രീഷ്മ മാത്യൂ ഡോ. കെ. ഉഷ എന്നിവർ ബഹു. ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത WP (C ) No. 40494/2023 കേസിലെ 06.01.2025 — ലെ വിധിന്യായം നടപ്പിലാക്കിയും സർക്കാർ സർവ്വീസിൽ സേവനമനുഷ്ഠിച്ച ശേഷം കേരള പബ്ലിക് സർവ്വീസ് കമ്മീഷനിൽ ചെയർമാൻ / അംഗങ്ങളായി, വിരമിച്ച / വിരമിക്കുന്ന മുഴുവൻ അംഗങ്ങൾക്കും അവരുടെ സർക്കാർ സർവ്വീസിലെ സേവനകാലത്തോടൊപ്പം കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ അംഗമെന്ന നിലയിലുള്ള സേവനകാലം കൂടി പരിഗണിച്ച് പെൻഷൻ ആനുകൂല്യങ്ങൾ പുനർനിശ്ചയിക്കുന്നതിന് അനുമതി നൽകിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുഭരണ (സ്പെഷ്യൽ -ഇ) വകുപ്പ്**

സ.ഉ.(കൈ) നം.68/2025/GAD തീയതി,തിരുവനന്തപുരം, 09-05-2025

---

പരാമർശം:-
1. സ.ഉ. (സാധാ) നം. 76/2020/പൊഭവ തീയതി. 04.01.2020.
2. ബഹു. കേരള ഹൈക്കോടതിയുടെ WP(C ) No.40494/2023 നമ്പർ കേസിലെ 06.01.2025 - ലെ വിധിന്യായം

**ഉത്തരവ്**

സർക്കാർ സർവീസിൽ നിന്നും കേരള പബ്ലിക് സർവ്വീസ് കമ്മീഷനിൽ ചെയർമാൻ / അംഗമായി നിയമിതനാകുന്ന വ്യക്തി, ആറ് മാസത്തിനുള്ളിൽ സർവ്വീസ് പെൻഷൻ / എം.എൽ.എ പെൻഷൻ / എം.പി പെൻഷൻ എന്നിവയിലേതെങ്കിലും ഒന്ന് ഓപ്റ്റ് ചെയ്യേണ്ടതാണെന്ന് കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (കോംപോസിഷൻ ആന്റ് കണ്ടീഷൻസ് ഓഫ് സർവ്വീസ് ഓഫ് മെമ്പേഴ്സ് ആന്റ് സ്റ്റാഫ്) റഗുലേഷൻ 1957 ലെ ചട്ടം 7എ(1), 7 എ(2) - ൽ നിഷ്കർഷിച്ചിട്ടുണ്ട്. കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ അംഗങ്ങളായിരുന്ന ശ്രീമതി പി. ജമീല, ഡോ. ഗ്രീഷ്മ മാത്യൂ ഡോ. കെ. ഉഷ എന്നിവർ സർവ്വീസ് പെൻഷനാണ് ഓപ്റ്റ് ചെയ്തിരുന്നത്.

2. സർവ്വീസ് പെൻഷനെക്കാൾ മെച്ചപ്പെട്ട പെൻഷൻ ആനുകൂല്യങ്ങളാണ് നിലവിൽ നോൺ സർവ്വീസ് കാറ്റഗറിയിൽ നിന്നും കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ അംഗമായി വിരമിച്ചവർക്ക് അനുവദിച്ചുവരുന്നതെന്നതിനാൽ , കമ്മീഷനിലെ അംഗമെന്ന നിലയിലെ പെൻഷൻ തിരഞ്ഞെടുക്കുന്നതിന് റീഓപ്ഷൻ അനുവദിക്കണമെന്ന് ശ്രീമതി. പി. ജമീലയും മറ്റുള്ളവരും സർക്കാരിനോട് ആവശ്യപ്പെട്ടിരുന്നു. എന്നാൽ മേൽ ചട്ടപ്രകാരം റീഓപ്ഷൻ അനുവദിക്കാൻ നിർവ്വാഹമില്ലാത്തതിനാൽ പരാമർശം (1) പ്രകാരം പ്രസ്തുത ആവശ്യം സർക്കാർ നിരസിച്ചിരുന്നു.

3. ഇതിനെതിരെ, ശ്രീമതി പി. ജമീലയും മറ്റുള്ളവരും ബഹു. ഹൈക്കോടതി മുമ്പാകെ WP (C ) No.40494/2023 നമ്പർ. കേസ് ഫയൽ ചെയ്യുകയും പരാമർശം (2) - ലെ വിധിന്യായത്തിൽ ബഹു. കോടതി ചുവടെ സൂചിപ്പിക്കും പ്രകാരം ഉത്തരവാകുകയും ചെയ്തിരുന്നു.

*"There will be a direction to the 1st respondent (ie. ACS, General Administration Department) to reconsider the case of the petitioners for grant of re-option and for drawal of pension in accordance with the amended Regulations as has been done in Ex.P.16 order in the case of Sri. K. Premarajan. Appropriate orders in this regard shall be passed within a period of two months from the date of receipt of a copy of this judgment".*

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (കോംപോസിഷൻ ആന്റ് കണ്ടീഷൻസ് ഓഫ് സർവ്വീസ് ഓഫ് മെമ്പേഴ്സ് ആന്റ് സ്റ്റാഫ്) റഗുലേഷൻ, 1957 - ലെ സെക്ഷൻ 7 എ (2) - ലെ വ്യവസ്ഥകളിൽ ഇളവുവരുത്തി കേരള പബ്ലിക് സർവ്വീസ് കമ്മീഷനിൽ അംഗങ്ങളായിരുന്ന ശ്രീമതി. പി. ജമീല, ഡോ. ഗ്രീഷ്മ മാത്യു ഡോ. കെ. ഉഷ എന്നിവരുൾപ്പടെ സർക്കാർ സർവ്വീസിൽ സേവനമനുഷ്ഠിച്ച ശേഷം, കേരള പബ്ലിക് സർവ്വീസ് കമ്മീഷനിൽ ചെയർമാൻ / അംഗങ്ങളായി, വിരമിച്ച / വിരമിക്കുന്ന മുഴുവൻ അംഗങ്ങൾക്കും, അവർ ആവശ്യപ്പെടുന്നപക്ഷം, സർക്കാർ സർവ്വീസിലെ സേവനകാലത്തോടൊപ്പം കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ അംഗമെന്ന നിലയിലുള്ള സേവനകാലം കൂടി പരിഗണിച്ച് പെൻഷൻ ആനുകൂല്യങ്ങൾ പുനർനിശ്ചയിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

5. ബഹു. ഹൈക്കോടതിയുടെ പരാമർശം (2) - ലെ വിധിന്യായം അപ്രകാരം നടപ്പിലാക്കിയിരിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
കെ ബിജു ഐ എ എസ്
സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, എറണാകുളം
ശ്രീമതി. പി. ജമീല, വലിയത്തറയിൽ, ഇന്ദിരാനഗർ, തിരുവനന്തപുരം - 695 005.
ഡോ. ഗ്രീഷ്മ മാത്യു വാകശ്ശേരിൽ ലൈൻ, ഏറയിൽ കടവ്, കോട്ടയം - 686 001.
ഡോ. കെ. ഉഷ, പ്രതീക്ഷ നഗർ, കൊല്ലം - 691 004.
സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം
ഡയറക്ടർ, ട്രഷറി വകുപ്പ്, തിരുവനന്തപുരം
പൊതുഭരണ (എസ്.സി) വകുപ്പ് (ഇനം നം. 2935 തീയതി 07.05.2025)

ധനകാര്യ വകുപ്പ് (EXP-A2/396/2024-FIN dated 21.03.2025)

പൊതുഭരണ (ഇ-അഡ്മിനിസ്ട്രേഷൻ) വകുപ്പ്

ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ

കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Binu Kumar N S
Date: 09-05-2025 16:36:53

സെക്ഷൻ ഓഫീസർ

പകർപ്പ് : ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്

സെക്രട്ടറിയുടെ പി.എ യ്ക്ക്

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 07-05-2025

ഫയൽ നം. സ്പെ.ഇ1/142/2023/പൊ.ഭ.വ. ഇനം നം: 2935

വിഷയം : പൊതുഭരണ വകുപ്പ് - കേരള പബ്ലിക് സർവ്വീസ് കമ്മീഷനിൽ അംഗങ്ങളായിരുന്ന ശ്രീമതി. ജമീല. പി, ഡോ. ഗ്രീഷ്മ മാത്യു, ഡോ. കെ. ഉഷ എന്നിവരുടെ പി.എസ്.സി.-യിലെ സേവനകാലം കൂടി പരിഗണിച്ച് പെൻഷൻ റിവൈസ് ചെയ്യുന്നതിന് അനുമതി നൽകുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു. ഈ വിഷയത്തിൽ പൊതു ഉത്തരവ് പുറപ്പെടുവിക്കുവാൻ തീരുമാനിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. എ. ജയതിലക്
ചീഫ് സെക്രട്ടറി

അഡീഷണൽ ചീഫ് സെക്രട്ടറി, പൊതുഭരണ വകുപ്പ്.

2935

**കേരള സർക്കാർ**
**(ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)**
**മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്**

| | | | |
|---|---|---|---|
| 1 | ഫയൽ നം. | : | സ്പെ.ഇ 1/142/2023/പൊ.ഭ.വ |
| 2 | വകുപ്പ് | : | പൊതുഭരണ (സ്പെഷ്യൽ-ഇ) വകുപ്പ് |
| 3 | വിഷയം | : | കേരള പബ്ലിക് സർവ്വീസ് കമ്മീഷനിൽ അംഗങ്ങളായിരുന്ന ശ്രീമതി. ജമീല. പി, ഡോ. ഗ്രീഷ്മ മാത്യു, ഡോ. കെ. ഉഷ എന്നിവരുടെ പി.എസ്.സി - യിലെ സേവനകാലം കൂടി പരിഗണിച്ച് പെൻഷൻ റിവൈസ് ചെയ്യുന്നതിന് അനുമതി നൽകുന്നത് - സംബന്ധിച്ച് |
| 4 | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 08.04.2025 |
| 5 | i. ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ? | : | അതെ |
| | ii. സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ഉണ്ട് |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ഇല്ല |
| 7 | കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര് | : | ശ്രീമതി. സുധ ബി |
| 8 | കുറിപ്പ് അംഗീകരിച്ച അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേര് | : | ശ്രീ. കെ. ആർ. ജ്യോതിലാൽ |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 15.04.2025 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ശ്രീമതി. ശാരദ മുരളീധരൻ |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 26.04.2025 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | ശ്രീ. പിണറായി വിജയൻ |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : | 01.05.2025 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 05.05.2025 |
| 15 | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | : | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/കത്തിന്റെ നമ്പരും തീയതിയും | : | |

## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

സർക്കാർ സർവ്വീസിലെ സേവന കാലത്തോടൊപ്പം കേരള പബ്ലിക് സർവ്വീസ് കമ്മീഷനിലെ സേവനകാലം കൂടി പരിഗണിച്ച് പെൻഷൻ റിവൈസ് ചെയ്തുനൽകണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് കേരള പബ്ലിക് സർവ്വീസ് കമ്മീഷനിൽ അംഗങ്ങളായിരുന്ന ശ്രീമതി. പി. ജമീല, ഡോ. ഗ്രീഷ്മ മാത്യൂ, ഡോ. കെ. ഉഷ എന്നിവർ ബഹു. ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത W.P (C) No. 40494/2023 നമ്പർ കേസിലെ ഉത്തരവ് നടപ്പിലാക്കുന്നത് സംബന്ധിച്ചുള്ളതാണ് ഈ കുറിപ്പിലെ പ്രതിപാദ്യ വിഷയം.

2. Kerala Public Service Commission (Composition and Conditions of Service of Members and Staff) Regulations, 1957 ചട്ടം 7 എ (1), 7 എ (2) പ്രകാരം സർക്കാർ സർവീസിൽ നിന്നും കേരള പബ്ലിക് സർവ്വീസ് കമ്മീഷനിൽ അംഗമായി നിയമിതനാകുന്ന വ്യക്തി, ആറ് മാസത്തിനുള്ളിൽ സർവ്വീസ് പെൻഷൻ / എം.എൽ.എ പെൻഷൻ / എം.പി പെൻഷൻ എന്നിവയിലേതെങ്കിലും ഒന്ന് ഓപ്റ്റ് ചെയ്യേണ്ടതാണ്. മേൽ ചട്ടങ്ങൾ അനുസരിച്ച്, റീ-ഓപ്ഷൻ അനുവദിക്കുന്നതിന് വ്യവസ്ഥയില്ലാത്തതുമാണ്. എന്നാൽ, ശ്രീമതി. പി. ജമീല, ഡോ. ഗ്രീഷ്മ മാത്യൂ, ഡോ. കെ. ഉഷ എന്നിവർ സർവ്വീസ് പെൻഷനാണ് ഓപ്റ്റ് ചെയ്തിരുന്നത്. തുടർന്ന്, അവർ കേരള പബ്ലിക് സർവ്വീസ് കമ്മീഷനിലെ സേവനകാലം കൂടി ഉൾപ്പെടുത്തി പെൻഷൻ അനുവദിക്കണമെന്ന് അഭ്യർത്ഥിച്ചിരുന്നു. എന്നാൽ മേൽ ചട്ടപ്രകാരം റീ-ഓപ്ഷൻ അനുവദിക്കാൻ നിർവ്വാഹമില്ലാത്തതിനാൽ അവരുടെ ആവശ്യം സർക്കാർ നിരസിച്ചിരുന്നു.

3. ഇതിനെതിരെ, ശ്രീമതി. പി. ജമീലയും മറ്റുള്ളവരും ബഹു. ഹൈക്കോടതി മുമ്പാകെ W.P (C) No. 40494/2023 കേസ് ഫയൽ ചെയ്യുകയും 06.01.2025 - ലെ വിധിന്യായത്തിൽ ബഹു. കോടതി ഇപ്രകാരം ഉത്തരവാകുകയും ചെയ്തു.

*"There will a direction to the 1st respondent (ie. ACS, General Administration Department) to reconsider the case of the petitioners for grant of re-option and for drawal of pension in accordance with the amended Regulations as has been done in Ex.P.16 order in the case of Sri. K. Premarajan. Appropriate orders in this regard shall be passed within a period of two months from the date of receipt of a copy of this judgment.*

4. 28.05.2019 – ലെ സ.ഉ. (കൈ) നം. 103/2019/പൊഭവ, 19.08.2019 – ലെ സ.ഉ. (സാധാ) നം. 4873/2019/പൊഭവ നമ്പർ ഉത്തരവുകൾ പ്രകാരം കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുൻ അംഗമായിരുന്ന ഡോ. കെ. രാജഗോപാലിനും 27.05.2019 – ലെ സ.ഉ. (കൈ) നം. 102/2019/പൊഭവ, 01.01.2021 – ലെ സ.ഉ. (കൈ) നം. 2/2021/പൊഭവ നമ്പർ ഉത്തരവുകൾ പ്രകാരം അഡ്വ. പി. ആർ. ദേവദാസിനും, 13.10.2023 – ലെ സ.ഉ. (കൈ) നം. 163/2023/പൊഭവ നമ്പർ ഉത്തരവ് പ്രകാരം ശ്രീ. കെ. പ്രേമരാജനും സർക്കാർ സർവ്വീസിലെ സേവനകാലത്തോടൊപ്പം കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ അംഗമെന്ന നിലയിലുള്ള സേവനകാലം കൂടി യോഗ്യത സേവനകാലമായി കണക്കാക്കി പെൻഷൻ പരിഷ്കരിച്ച് നൽകുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

5. 06.01.2025 – ലെ കോടതി ഉത്തരവ് നടപ്പിലാക്കുന്നത് സംബന്ധിച്ച് ധനകാര്യ വകുപ്പിന്റെ അഭിപ്രായം ആരാഞ്ഞപ്പോൾ പ്രസ്തുത വകുപ്പ് ഇപ്രകാരം അഭിപ്രായപ്പെടുകയുണ്ടായി:

*"Considering the benefits were conferred to identically situated persons like Dr. Rajagopal, Sri. Devadas, Sri. Premarajan etc.,, and in view observations made by the Court at Para 9 of the Judgment, there is no scope for successful appeal in this case, AD is requested to comply the judgment dated: 06.01.2025 in WP(C) No. 40494/2023 subject to the approval of Council of Ministers".*

6. പ്രസ്തുത വിഷയം മന്ത്രിസഭായോഗത്തിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ബഹു. മുഖ്യമന്ത്രി ഉത്തരവായിട്ടുണ്ട്.

**<u>തീരുമാനിക്കേണ്ട വിഷയം</u>**

കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ അംഗങ്ങളായിരുന്ന ശ്രീമതി. പി. ജമീല. ഡോ. ഗ്രീഷ്മ മാത്യൂ, ഡോ. കെ. ഉഷ എന്നിവരുടെ കേരള പബ്ലിക് സർവ്വീസ് കമ്മീഷനിൽ അംഗമായിരുന്ന കാലത്തോടൊപ്പം സർക്കാർ സർവ്വീസിലെ സേവന കാലയളവ് കൂടി പരിഗണിച്ച് പെൻഷൻ ആനുകൂല്യങ്ങൾ പുനർ നിർണ്ണയിച്ച് നൽകുന്നതിന് അനുമതി നൽകി ബഹു. കേരളാ ഹൈക്കോടതിയുടെ 06.01.2025 – ലെ വിധി നടപ്പിലാക്കാമോ?

**GOVERNMENT OF KERALA**
**(SHRI. PINARAYI VIJAYAN MINISTRY)**

**Note for Council of Ministers**

| | | | |
|---|---|---|---|
| 1. | File No. | : | SPL.E1/142/2023/GAD |
| 2. | Department | : | General Administration (Spl. E) Department |
| 3. | Subject | | Sanction for revision of pension of Smt. P. Jameela., Dr. Greeshma Mathew, Dr. K. Usha. Former Members of Kerala Public Service Commission, reckoning the period of service in PSC also- reg |
| 4. | Date of Chief Minister's order for placing before the council | : | 08.04.2025 |
| 5. | i. Does the case involve financial commitments/implications. | : | Yes |
| | ii. If the answer to the above is in the affirmative, whether Finance Department been consulted and their remarks incorporated in the Council Note. | : | Yes |
| 6. | Are any other Departments concerned with the case and if so, have been consulted and their remarks incorporated in the Note for the Council? | : | No |
| 7. | Name of Additional Secretary who submitted the Draft Note | : | Smt. Sudha B |
| 8. | Name of Additional Chief Secretary who approved the Draft Note | : | Shri. K. R. Jyothilal |
| 9. | Date of approval of the Draft Note for the Council by the Additional Chief Secretary | : | 15.04.2025 |
| 10. | Name of Chief Secretary who approved the Draft Note | : | Smt. Sarada Muraleedharan |
| 11. | Date of approval of the Draft Note for the Council by the Chief Secretary | : | 26.04.2025 |
| 12. | Name of Minister who approved the Draft Note | : | Shri. Pinarayi Vijayan |
| 13. | Date of approval of the Draft Note for the Council by the Minister | : | 01.05.2025 |
| 14. | Date of submission of fair copies | : | 05.05.2025 |
| 15. | Date of decision by the Council of Ministers | : | |
| 16. | Number and date of the G.O/letter communicating the decision | : | |

## Note for the Council of Ministers

This note pertains to the implementation of the judgment in W.P. (C) No. 40494/2023 filed before the Hon'ble High Court by Smt. P. Jameela, Dr. Greeshma Mathew, and Dr. K. Usha, former members of the Kerala Public Service Commission, requesting revision of pension by including their period of service in the Kerala Public Service Commission along with their service in Government.

2. As per Regulation 7A (1) and 7A (2) of the Kerala Public Service Commission (Composition and Conditions of Service of Members and Staff) Regulations, 1957, a person appointed as a member of the Kerala Public Service Commission from Government service shall exercise an option among Service Pension / MLA Pension / MP Pension within six months. As per the said provisions, there is no scope for granting re-option. Smt. P. Jameela, Dr. Greeshma Mathew, and Dr. K. Usha had opted for Service Pension. Subsequently, they requested to include their service in the Kerala Public Service Commission also for pension benefits. However, since there is no provision for re-option as per the said regulations, their request was rejected by the Government.

3. Aggrieved by this, Smt. P. Jameela and others filed W.P. (C) No. 40494/2023 before the Hon'ble High Court and the Hon'ble Court in its Judgment dated 06.01.2025 ordered as follows:

"*There will be a direction to the 1st respondent (ie. ACS, General Administration Department) to reconsider the case of the petitioners for grant of re-option and for drawal of pension in accordance with the amended Regulations as has been done in Ex.P.16 order in the case of Sri. K. Premarajan. Appropriate orders in this regard shall be passed within a period of two months from the date of receipt of a copy of this judgment*".

4. As per G.O. (Ms) No. 103/2019/GAD dated 28.05.2019 and G.O. (Rt) No. 4873/2019/GAD dated 19.08.2019, Dr. K. Rajagopal, former Member of the Kerala

Public Service Commission; as per G.O. (Ms) No. 102/2019/GAD dated 27.05.2019 and G.O. (Ms) No. 2/2021/GAD dated 01.01.2021, Adv. P. R. Devadas; and as per G.O. (Ms) No. 163/2023/GAD dated 13.10.2023, Sri. K. Premarajan were granted sanction to revise their pension by reckoning their period of service in the Kerala Public Service Commission along with their service in Government as qualifying service.

5. When the matter regarding implementation of the Judgment dated 06.01.2025 of the Hon'ble Court was referred to the Finance Department for opinion, that Department remarked as follows:

"*Considering the benefits were conferred to identically situated persons like Dr. Rajagopal, Sri. Devadas, Sri. Premarajan etc., and in view of the observations made by the Court at Para 9 of the Judgment, there is no scope for successful appeal in this case. AD is requested to comply with the judgment dated: 06.01.2025 in WP(C) No. 40494/2023 subject to the approval of Council of Ministers.*"

6. The Hon'ble Chief Minister has ordered that the matter be placed before the Council of Ministers.

**Point for Decision**

Whether sanction may be accorded to implement the Judgment dated 06.01.2025 of the Hon'ble High Court of Kerala, by revising the pensionary benefits of Smt. P. Jameela, Dr. Greeshma Mathew, and Dr. K. Usha, former Members of the Kerala Public Service Commission, by reckoning their period of service in the Kerala Public Service Commission along with their service in Government ?